പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4691 — 29.6.2012-ൽ മറുപടിയ്ക്ക്

ഇളനീരിന്റെ ഗുണവശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഇളനീരിന്റെ ഗുണവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഇളനീരിന്റെ ഗുണങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായും നാളീകേര കർഷകരെ സഹായിക്കുന്നതിനായും സംസ്ഥാന സർക്കാർ ഇളനീരിനെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചു. കൂടാതെ ഇളനീരിനെപ്പറ്റി പ്രതിപാദിക്കുന്ന ലേഖനങ്ങൾ കേരള കർഷകൻ , പത്ര മാദ്ധ്യമങ്ങൾ എന്നിവയിലൂടെ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചു. |
| (ബി) | ഇളനീർ ഉല്പാദനത്തിനും, വിപണനത്തിനും കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഇളനീരിന്റെ ഉത്പദാനത്തിനും വിപണനത്തിനും ഇപ്പോൾ സംസ്ഥാന സർക്കാരിൽ പദ്ധതി ഇല്ല. എന്നാൽ 2012-2013 ബഡ്ജറ്റിൽ കാർഷികോൽ പന്നങ്ങളുടെ സംസ്ക്കരണത്തിനായി 2435-001-800-94 പ്ലാൻ എന്ന ശീർഷകത്തിൽ അനുവദിച്ച 15 കോടി രൂപയിൽ നിന്നും ഇളനീർ ഉത്പാദനത്തിനും സംസ്ക്കരണത്തിനും വിനിയോഗിക്കാവുന്നതാണ്.<br>ഇളനീരിന്റെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിനായി ചെറുകിട യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള മൊത്തം ചെലവിന്റെ 50% പരമാവധി 1.50 ലക്ഷം രൂപ നാളികേര വികസന ബോർഡ് മടക്കി നൽകുന്നതാണ്. |

' തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ' എന്ന പരിപാടിയിലൂടെ 5601 യുവജനങ്ങൾക്ക് തെങ്ങിൽ നിന്നും കരിക്ക് / തേങ്ങ ഇടുന്നതിനുള്ള പരിശീലനം നാളികേര വികസന ബോർഡ് നൽകികഴിഞ്ഞു.

കരിക്കിന് പറ്റിയ ഹൈബ്രിഡ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നാളികേരവികസന ബോർഡ് സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**